LIBRARY ARCHIVES Kerala Legislative Assembly

അണ്ടർ വാലുവേഷൻ കേസുകളിൽ നടക്കുന്ന ക്രമക്കേടുകൾ

187 [1767] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ക്രയവിക്രയങ്ങളിലുണ്ടാകുന്ന അണ്ടർ വാലുവേഷൻ കേസുകളിൽ അപ്പലേറ്റ് അതോറിറ്റിയായ ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ നിന്നും അണ്ടർ വാലുവേഷൻ കേസുകൾ വിടുതൽ ചെയ്ത് മറ്റൊരു അപ്പലേറ്റ് ട്രൈബ്യൂണലിന് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 1959-ലെ കേരള മുദ്രപത്ര നിയമം സെക്ഷൻ 45 പ്രകാരമുള്ള അണ്ടർ വാലുവേഷൻ നടപടിക്കായി ശുപാർശ ചെയ്തിട്ടുള്ള ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള ജില്ലാ കളക്ടർമാരുടെ അധികാരം ജില്ലാ രജിസ്ട്രാർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് തങ്ങൾക്കു ലഭിക്കുന്ന ആക്ഷേപങ്ങളിൽ ജില്ലാ രജിസ്ട്രാർമാരുടെ തീർപ്പിന്റെ അപ്പീൽ ജില്ലാ കോടതികളിലാണ് സമർപ്പിക്കേണ്ടത്. ജില്ലാ രജിസ്ട്രാർ അപ്പീൽ അതോറിറ്റിയല്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലാ രജിസ്ട്രാർമാർക്ക് അണ്ടർ വാലുവേഷൻ കേസ് സംബന്ധിച്ച് നൽകുന്ന ആക്ഷേപങ്ങളിൽ തൃപ്തികരമായ തീരുമാനം ബന്ധപ്പെട്ടവർക്ക് ലഭ്യമാകുന്നില്ലെങ്കിൽ കോടതികളിൽ അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥ കേരള മുദ്രപ്പത്ര നിയമത്തിലുണ്ട്.

രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം

188 [1768] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ നീലേശ്വരം വെള്ളരിക്കുണ്ട് രാജപുരം രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;